ഭാഗ്യക്കുറികളുടെ വില

165 (6616) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന ഭാഗ്യക്കുറികളുടെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിൽ എത്രയെണ്ണത്തിന്റെ കുറവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 20 രൂപ ഭാഗ്യക്കുറികളുടെ വില 30 രൂപയായി 2014 മാർച്ചിൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികൾ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യാഴാഴ്ച കളിൽ നറുക്കെടുത്തിരുന്ന പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്ന് മാറ്റി വില 40 രൂപയിൽനിന്നും 50 രൂപയായി 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വില വർദ്ധിപ്പിച്ചതുമൂലം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിൽ കുറവുണ്ടായിട്ടില്ല. കുറഞ്ഞ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിച്ചതിനോടൊപ്പംതന്നെ ടിക്കറ്റ് അച്ചടി 45 ലക്ഷത്തിൽനിന്ന് 49 ലക്ഷമായി ഉയർത്തിയിരുന്നു. ഇവയുടെ ശരാശരി വിൽപ്പന 48 ലക്ഷം ടിക്കറ്റുകളാണ്.

(സി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വർദ്ധിച്ച വില നിലവിൽ വന്നത് 17-2-2014 മുതലാണ്. വർദ്ധനയ്ക്കുമുമ്പുള്ള 2014 ജനുവരിമാസത്തിലെ ടിക്കറ്റ് വിൽപനയിലെ വരുമാനം 331.81 കോടി രൂപയായിരുന്നു. ഇത് അടിസ്ഥാനമാക്കിയാൽ മാർച്ച് മാസത്തിൽ ഏകദേശം 17% വരുമാന വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ വർദ്ധനവ് ഏകദേശം 20%-ന് മുകളിലാണ്.

ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച്

166 (6617) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ സർക്കാരിനെതിരെ സമ്മാനാർഹർ കേസ് നൽകാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ലോട്ടറി സമ്മാനാർഹർക്ക് സമ്മാനത്തുക നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെയും തടസ്സത്തിന്റെയും കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള 14 കേസുകളിൽ ഹൈക്കോടതി എത്ര കേസുകളിൽ വിധി പറയുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) ടി കേസുകളിൽ എത്ര കേസുകളിൽ സർക്കാരിന് അനുകൂലമായ വിധിയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അന്യ സംസ്ഥാന ക്ലെയിമുകളിന്മേൽ സമ്മാനത്തുക നൽകാത്തതു സംബന്ധിച്ച കേസ്സുകളാണ് ഹൈക്കോടതിയിൽ നിലവിലുള്ളത്. ഇത്തരം കേസ്സുകളിൽ സമ്മാനത്തുക നൽകുന്നതിന് ലോട്ടറി റൂൾ അനുശാസിക്കുന്ന പ്രകാരം സമ്മാനാർഹർ കേരളത്തിൽ വന്നതിന് രേഖാമൂലമുള്ള തെളിവ്, ടിക്കറ്റ് ലഭിച്ച സാഹചര്യം മുതലായ കാര്യങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെടാറുണ്ട്. പ്രസ്തുതരേഖകൾ വകുപ്പുതല മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നു. ശരിയായ രേഖകൾ സമർപ്പിക്കപ്പെടാത്ത കേസ്സുകളിൽ സമ്മാനത്തുക നിരസിക്കാറുണ്ട്. ഇത്തരത്തിൽ നിരസിക്കപ്പെടുന്ന സമ്മാനങ്ങൾക്ക് വേണ്ടിയും സമ്മാനാർഹർ ഹൈക്കോടതിയെ സമീപിക്കാറുണ്ട്.

സമ്മാന വിതരണത്തിന് ലോട്ടറി റൂൾ അനുശാസിക്കുന്ന രേഖകൾ ശരിയായിട്ടുള്ളതും സമയബന്ധിതമായും ലഭ്യമാകാത്ത സാഹചര്യത്തിൽ മാത്രമാണ് സമ്മാനത്തുക നൽകുന്നതിൽ കാലതാമസം വരുന്നത്.

(സി) രണ്ട് കേസുകളിൽ സമ്മാന വിതരണം നടത്തുവാൻ വിധി ഉണ്ടാകുകയും പ്രസ്തുതവിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാരിന് അനുകൂലമായി വിധി വന്നിട്ടില്ല.

കാരുണ്യ ബെനവലന്റ് ഫണ്ട് പ്രവർത്തനങ്ങൾക്കായി ലെയ്സൺ ഓഫീസർ

167 (6618) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനങ്ങൾക്കായി ലെയിസൺ ഓഫീസർ തസ്തിക രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികയ്ക്ക് ആവശ്യമായ യോഗ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ഏതൊക്കെ ഓഫീസുകളിലാണ് ലെയ്സൺ ഓഫീസർ തസ്തികയുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തികയിലേക്ക് നിയമനം നടത്തിയതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly